**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1077** **29-08-2022 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി ജലസേചന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി ജലസേചന പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ആവിഷ്കരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) | കുറ്റ്യാടി ജലസേചന പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി DRIP രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ഡാമിന്റെ ദൃഢത വർദ്ധിപ്പിക്കുന്നതിന് സപ്പോർട്ടിംഗ് കോൺക്രീറ്റ് ഡാമിന്റെ നിർമ്മാണ പ്രവൃത്തി നടന്നു വരികയാണ്. ഓരോ വർഷവും ബജറ്റിൽ പ്ലാൻ, നോൺപ്ലാൻ ശീർഷകങ്ങളിൽ വകയിരുത്തുന്ന തുക ഉപയോഗപ്പെടുത്തി കനാൽ അറ്റകുറ്റപ്രവൃത്തികൾ നടത്തി വരുന്നുണ്ട്.<br><br>കുറ്റ്യാടി പദ്ധതിയുടെ കനാലുകളും കനാൽ അനുബന്ധ സ്ട്രക്ചറുകളും പുനർനിർമ്മിക്കുന്നതിനും/ ബലപ്പെടുത്തുന്നതിനുമായി 180 കോടി രൂപയുടെ പ്രൊപ്പോസൽ, പദ്ധതി വിഭാഗം 1, ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിരുന്നു. 22/02/2022ൽ ജലവിഭവ വകുപ്പ സെക്രട്ടറിയുടെ അദ്ധ്യക്ഷയിൽ ചേർന്ന യോഗം ടി പ്രൊപ്പോസൽ പരിശോധിക്കുകയും, കുറ്റ്യാടി ജലസേചന പദ്ധതിയ്ക്ക് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികളിൽ വളരെയധികം പ്രാധാന്യമുള്ളവയെന്നും, പ്രാധാന്യം കുറഞ്ഞവയെന്നും തരംതിരിച്ച് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുവാൻ പദ്ധതി വിഭാഗം-1, ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ആയത് പ്രകാരം ചീഫ് എഞ്ചിനീയർ സമർപ്പിച്ച 2022-23 വർഷത്തിൽ പൂർത്തീകരിക്കേണ്ട അടിയന്തിര പ്രാധാന്യമുള്ള പ്രവൃത്തികളുടെ 40 കോടി രൂപ ചെലവ് വരുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. ആയതിന് അംഗീകാരം നല്കി പ്രവൃത്തികൾ അടിയന്തിരമായി ആരംഭിക്കുവാൻ സാധിക്കുന്നതാണ്. മുൻഗണനാടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | അഞ്ചു വർഷക്കാലം കൊണ്ട് ചെയ്തുതീർക്കേണ്ട പ്രവൃത്തികൾക്കായി 180 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുള്ള പ്രൊപ്പോസൽ കേരള സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ പരിഗണനയിലുണ്ട്. കൂടാതെ കുറ്റ്യാടി പദ്ധതിയുടെ കനാലുകളുടെ ഡീസിൽറ്റിംഗിനു ആവശ്യമായ അധിക ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് പദ്ധതി വിഭാഗം -1, ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ